# അവളിലെ അപരിചിതമുഖം

കാലചക്രവേഗതയ്ക്കിടയിൽ
കന്യച്ച് പുരന്റെ കൈകളിൽ ഞെരുക്കപ്പെട്ടവൾ
അത് ആങ്ങൾ സഹോദരമൂല്യം തല്ലിക്കെടുത്തി
അമ്മയുടെ വേർപാടിനൊടുവിൽ
രക്തബന്ധം ലഹരിയുടെ നിഴലിലേക്ക് പൊലിഞ്ഞു
അവളുടെ ജീവിതം അന്ധകാരത്തിൻ മറവിൽ
സ്വന്തം വീട് സുരക്ഷിതമല്ലാതായി
രാത്രികളിൽ മുറിയിൽ അവൾ സ്വയം ബന്ധിച്ചു
എങ്കിലും ഭയത്തിന്റെ ഗന്ധം –
ജനലുകളിലൂടെ തലയോട്ടിയിലെത്തി...
തെരുവുകൾ മനസ്സിനെ ചോദ്യം ചെയ്തു
അവൾ സ്ത്രീയെന്ന പേരിൽ
ചിറകൊതുക്കിയിരുന്നു
ഓരോ തവണ കതകുമുട്ടപ്പെടുമ്പോഴും.
ഭയത്തിന്റെയും വെപ്രാളത്തിന്റെയും
വിയർപ്പുകണങ്ങൾ ചോദിച്ചു,
ഇനി എത്രനാൾ...?
അന്ധകാരം നിറഞ്ഞ യാത്രയ്ക്കൊടുവിൽ
രക്തബന്ധത്തെ പോലും ഇരയാക്കിയ അവനെ,
അവൾ ഭൂമിയുടെ ഭാരമാകാതെ ഇല്ലാതാക്കി

64-ാമത് കേരള സ്കൂൾ കലോത്സവം ★ പ്രോഗ്രാം കമ്മിറ്റി ★

**Item Code:** 956 **Participant Code:** 019

കൈകളിൽ ചുവപ്പിന് പകരം
കറുത്ത രക്തം പുരണ്ടു ... മനസ്സിന്റെ കറുപ്പ്..
നിയമത്തിന്റെ കണ്ണിൽ അവർ ആരായാലും
അവളുടെ ജീവിതത്തിലെ ഇരുൾനീക്കി
വെട്ടം തെളിത്തിയത്
അവളുടെ ഉള്ളിലെ അപരിചിതയാണ്
എന്നാൽ, ഇന്നവർക്ക് ഏറ്റവും പരിചിതമായ മുഖം.
ഇന്നവളുടെ കണ്ണുകളിൽ ഭയമില്ല
പകരം., പ്രതികരണത്തിന്റെ തീജ്വാല കത്തുന്നു
ആ തീജ്വാലയിൽ -
ഓരോ പെണ്ണിന്റെയും ഭയം ഇല്ലാതാവട്ടെ
എല്ലാവരും., ഏതെങ്കിലും നിമിഷത്തിൽ
ഇങ്ങനെയൊരു അപരിചിതരെ കണ്ടുമുട്ടട്ടെ....
അവർ ജീവിതഗതി മാറ്റട്ടെ : : :

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).